

Little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# നിലാവ് 19

## ഡിജിറ്റൽ മാഗസിൻ

### ലിറ്റിൽ കൈറ്റ്സ് 2018-19





# ലിറ്റിൽ കൈറ്റ്സ്

## ഐ. ടി. ക്ലബ്ബ്

നമ്പർ ....LK/2018/35012............................................

എച്ച്.എസ്സ്.എസ്സ് അറവുകാട്
പുന്നപ്ര,ആലപ്പുഴ688004
ഫോൺ: 0477 2287909



# 2018 - 2019

# നിലാവ് 19

## ഡിജിറ്റൽ മാഗസിൻ

## അറവുകാട് ഹൈസ്കൂൾ

## പുന്നപ്ര

## ആലപ്പുഴ







# ആശംസ



പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നൂതനസംരംഭമായ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയ പ്രഥമ ഡിജിറ്റൽ മാഗസീൻ **നിലാവ് 19** ന് ദേവിനാമത്തിൽ എല്ലാവിധ ആശംസകളും . ഇനിയും ഉയരങ്ങളിൽ എത്താൻ പ്രാർത്ഥിക്കുന്നു.

സ്കൂൾ മാനേജർ
എസ്. പ്രഭുകുമാർ

# ആശംസ



കേരളത്തിന്റെ പൊതുവിദ്യാലങ്ങളിൽ ഐ .ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കേരള സർക്കാർ 2018 ജനവരി 22 ന് നടപ്പിലാക്കിയ കമ്പനിയായ KITE ( Kerala Infrastructure And Technology For Education)ന്റെ അധീനതയിൽ സ്കൂൾ വിദ്യാർത്ഥികൾക്ക്

അനിമേഷൻ, സൈബർ സുരക്ഷാ ,മലയാളം കമ്പ്യൂട്ടിങ് തുടങ്ങിയ വിഭാഗങ്ങളിൽ തീവ്ര പരിശീലനം നടത്തുന്ന ഐ .ടി ക്ലബ് ആണ് ലിറ്റിൽ കൈറ്റ്സ്.

2018 -2019 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ സംരംഭമായ **നിലാവ് 19** എന്ന ഡിജിറ്റൽ മാഗസിന്റെ അണിയറശില്പികളെ അഭിനന്ദിക്കുന്നു

**നിലാവ് 19** ന് സാഭിമാനം എല്ലാവിധ ആശംസകളും

.

**വി .ബി . ഷീജ**

**പ്രഥമ അദ്ധ്യാപിക**

# ആശംസ



**പൊ**തുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്ക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പാക്കുന്ന ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാൻ 2018 – 2019 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ ഡിജിറ്റൽ മാഗസിൻ ആയ **നിലാവ് 19** ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

കുട്ടികളുടെ കലാവാസനകളെ തൊട്ടുണർത്തി , മുന്നോട്ടുള്ള പ്രയാണത്തിൽ അവരുടെ ഭാവനകൾ നിലാവ് പോലെ നിർമ്മലമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു

**സ്റ്റാഫ് എഡിറ്റേഴ്സ്**

**ലിഷ.എൽ & ശ്യാമ.എസ്**

# ആശംസ



ആധുനികസാങ്കേതികവിദ്യകളുടെകാലത്തിനൊപ്പം നീങ്ങുന്ന അറവുകാട് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റിന്റെ അംഗങ്ങൾക്കും അതിനായി അവരെ പ്രാപ്തരാക്കിയ അദ്ധ്യാപകർക്കും അതിന്റെ ഫലമായി ഉടലെടുത്ത മനോഹരമായ ഡിജിറ്റൽ **മാഗസിൻ** **നിലാവ് 19** എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

**ശോഭിത്‌ലാൽ.എസ്**
അദ്ധ്യാപകൻ(SITC)

# സമർപ്പണം



ഞങ്ങളുടെഭാവനക്ക് നിറച്ചാർത്തണിയിച്ച ഡിജിറ്റൽ മാഗസിൻ **നിലാവ് 19** യാഥാർഥ്യമാക്കാൻ സഹായിച്ച അറവുകാട് സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ ലിറ്റിൽ കൈറ്സ് മിസ്ട്രസുമാരായ ശ്യാമ ടീച്ചറിനും ലിഷ ടീച്ചറിനും മാസ്റ്റർ ട്രെയ്നറായ ശോഭിത്ത്ലാൽ സാറിനും നന്ദി അറിയിച്ചുകൊണ്ട് ഞങ്ങളുടെ ആദ്യ സംരംഭമായ ഈ മാഗസിനിലെ തെറ്റുകുറ്റങ്ങൾ സദയം ക്ഷമിക്കുമെന്ന വിശ്വാസത്തോടെ അഭീഷ്ട വരപ്രദായിനിയും ഐശ്വര്യദായിനിയുമായ അറവുകാട് അമ്മയുടെ പാദാരവിന്ദങ്ങളിൽ ഭക്തിപുരസരം സമർപ്പിച്ചു കൊള്ളുന്നു .

**സ്റ്റുഡന്റ് എഡിറ്റർ**

അമ്പാടി.എസ്.രമണൻ



little KITEs

# എഡിറ്റോറിയൽ

രക്ഷാധികാരി : വി.ബി. ഷീജ

സ്റ്റാഫ് എഡിറ്റേഴ്സ് : ലിഷ.എൽ

ശ്യാമ.എസ്

സ്റ്റുഡന്റ് എഡിറ്റർ : അമ്പാടി എസ് രമൺ

കവർ ചിത്രം : അനന്തകൃഷ്ണൻ.ബി

അക്ഷരം നൽകിയവർ : പ്രണവ് .എസ്

കിരൺ .ആർ

ശ്രീരാജ്.ആർ

അമ്പാടി .എസ്. രമൺ


അനന്തകൃഷ്ണൻ .ബി







# 50 ന്റെ നിറവിൽ ഞങ്ങളുടെ സരസ്വതീക്ഷേത്രം.................




ARAVUKAD HIGH SCHOOL











# അറവുകാട് ഹൈസ്കൂൾ

## ചരിത്രം

ദക്ഷിണ കേരളത്തിലെ അതിപ്രശസ്തമായ ദേവീക്ഷേത്രങ്ങളിൽ ഒന്നായ പുന്നപ്ര അറവുകാട് ശ്രീദേവീ ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാലയമാണ് അറവുകാട് ഹൈസ്കൂൾ . 1968 ൽ ആണ് ഈ വിദ്യാലയം അറവുകാട് ക്ഷേത്രയോഗത്തിന്റെ അധീനതയിലും നിയന്ത്രണത്തിലും സ്ഥാപിച്ചത് .

പുന്നപ്രയിലേയും പരിസരപ്രദേശങ്ങളിലേയും വിദ്യാർത്ഥികൾക്ക് ജാതി -മത ഭേതമന്യേ വിദ്യ അഭ്യസിക്കുവാൻ ഈ വിദ്യാലയം അവസരം ഒരുക്കുന്നു .ആദ്യകാലങ്ങളിൽ അമ്പലത്തിലെ സ്റ്റേജിലും അമ്പലത്തോട് അനുബന്ധിച്ചുള്ള കെട്ടിടങ്ങളിലുമായിരുന്നു ക്ലാസുകൾ നടന്നിരുന്നത് .പിന്നീട് ക്ഷേത്രയോഗത്തിന്റെ അധീനതയിലുള്ള ദേശീയപാതയ്ക്കുസമീപമുള്ള വിശാലമായ കെട്ടിടത്തിലേയ്ക്ക് സ്ഥാപനം മാറ്റപ്പെട്ടു

ശ്രീ .കെ .ചിദാനന്ദൻ അവർകളായിരുന്നു അറവുകാട് സ്കൂളിന്റെ പ്രഥമ മാനേജർ .ശ്രീ .രാഘവൻ അവർകൾ ,ശ്രീ .കെ .എസ് .ഭാസ്കരൻ അവർകൾ ,ശ്രീ .കെ .മോഹനൻ അവർകൾ ,ശ്രീ .പി .റ്റി .സുമിത്രൻ അവർകൾ എന്നിവർ പിന്നീട് സ്കൂൾ മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ട് .ഇപ്പോൾ ക്ഷേത്രയോഗത്തിന്റെ വൈസ് പ്രസിഡന്റായ ശ്രീ .എസ്.പ്രഭുകുമാർ സ്കൂളിന്റെ മാനേജരായി ഭരണസാരഥ്യം വഹിക്കുന്നു .1968 ൽ പ്രവർത്തനം തുടങ്ങുമ്പോൾ ശ്രീ .ഗോപിനാഥൻ അവർകളായിരുന്നു സ്കൂളിന്റെ പ്രഥമ അധ്യാപകൻ .പിന്നീട് ശ്രീമതി ലളിതാംബിക ,ശ്രീമതി .എം .മണിയമ്മ ,ശ്രീ .എൻ .രാജശേഖരൻനായർ ,ശ്രീമതി എൽ .സീതാലക്ഷ്മി ,ശ്രീമതി ആർ .സതീഭായ് എന്നിവർ സ്കൂളിന്റെ പ്രഥമ അധ്യാപികയായി സേവനമനുഷ്ഠിച്ചു .ഇപ്പോൾ ശ്രീമതി വി .ബി ഷിജ ടീച്ചർ പ്രഥമ അധ്യാപികയായി സേവനമനുഷ്ഠിക്കുന്നു .

ഇന്ന് ആലപ്പുഴ ജില്ലയിൽ ഏറ്റവമധികം വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തുന്ന സ്ഥാപനമാണ് അറവുകാട് ഹൈസ്ക്കൂൾ .ഇപ്പോൾ 1000 ഓളം വിദ്യാർഥികൾ ഈ സരസ്വതീവിദ്യാലയത്തിൽ വിദ്യ അഭ്യസിക്കുന്നുണ്ട് .







## ഉള്ളടക്കം


ചരിത്രം........................................................................................................................13
കൃഷിപ്പാട്ട്.....................................................................................................................16
നിനച്ചിരിക്കാതെ...........................................................................................................17
തേനീച്ചയുടെ ചിന്തകൾ...................................................................................................19
*ജന്മനാടിനായി*...............................................................................................................*21*
*ബാല്യം*.........................................................................................................................*22*
പ്രളയം സൃഷ്ടിച്ച കാഴ്ച...................................................................................................23
ബഷീറിന്റെ കുഞ്ഞിപാത്തു................................................................................................25
NEWTON'S LAW...........................................................................................................28
HAPPY HOME...............................................................................................................29
दीदी की यादों....................................................................................................................31
തത്തമ്മയും വവ്വാലും......................................................................................................34
*മാതൃസ്നേഹം*...............................................................................................................36
ഒരു കിളിയുടെ കഥ.........................................................................................................37
അഭിമുഖം.......................................................................................................................39
ഇന്ത്യയുടെ ഹൃദയഭാഗത്തേക്ക്........................................................................................45
ഒരു യാത്ര.......................................................................................................................45
കേരളത്തിലെ പ്രകൃതി നേരിടുന്ന വെല്ലുവിളികൾ !.........................................................49
കേരളത്തിന്റെ തനതായ ദൃശ്യകലാരൂപം.........................................................................51
പഴഞ്ചൊല്ലുകൾ...............................................................................................................52
ഇന്ത്യയിലെ പ്രധാന കാർഷിക വിളകൾ............................................................................53
പുസ്തകങ്ങളും എഴുത്തുകാരും.........................................................................................54
കൃഷി ചൊല്ലുകൾ............................................................................................................56
കൃഷി പഴഞ്ചൊല്ല്...........................................................................................................57
ശാസ്ത്രക്വിസ്....................................................................................................................58
മരത്തിന്റെ ഉയരം...........................................................................................................59
നന്ദി...............................................................................................................................62






# കൃഷിപ്പാട്ട്

മാർകഴിമാസം കഴിഞ്ഞു
മഞ്ഞുകാലം മൂത്തുവന്നു
മാരിയെല്ലാം പോയ് മറഞ്ഞു
വേനൽ മെല്ലെയേറി വന്നു
നെൽവിളയും കണ്ടമെല്ലാം
വിളവു കൊണ്ടു ചന്തമാണ്ടു
കൺകുളിർക്കും നെൽമണികൾ






പൊൻമണിപോൽ തിളങ്ങിനിൻ
വിളനിലത്തിൽ വിളവു മൂത്തു
വിളവെട്ടുപ്പാൻ കാലമായി
തലപ്പുലയൻ കാളിവന്നു
പടിക്കലേറി വിളിയെറിഞ്ഞു
തമ്പുരാനേ ! തമ്പുരാനേ ! .......
കാളിയേയടിമക്കാളി........

എന്തു പോന്നുകാളിയേ നീ
യന്തിയോടടുക്കും നേരം
തമ്പുരാനേ ! തമ്പുരാനേ ! ........

അമ്പാടി
9A

# നിനച്ചിരിക്കാതെ.....



വേനൽ ......മഴ ......മഞ്ഞ്...... പൂക്കാലമങ്ങനെ
ഋതുഭേദങ്ങൾക്കൊപ്പം
കടന്നുപോയപ്രകൃതി .......
നീയൊരുകലാകാരി.......

നിനച്ചിരിക്കാതെ   നീയെന്തേ ......
സംഹാരതാണ്ഡവമാടീ ,
മർത്യരെ ഭീകരതയിലാഴ്ത്തി........?
കണ്ണീർ പ്രളയത്തിലാഴ്ത്തി .......?
ജീവനഭീഷണിയായി
വർത്തിച്ചതെന്തേ ........?

സ്വാതന്ത്ര്യ ദിനത്തോടൊപ്പം ആർത്തലച്ച -
പേമാരിയായ് , യക്ഷിമഴയായ് വന്നുനീ .....
യാമങ്ങൾ നീങ്ങീടവേ പ്രളയമായ് .....
ആഴത്തിൽ മുറിവേൽപ്പിച്ച് കടന്നുപോയില്ലേ ...
മനോഹരീ ................

ജാതിമത വർഗ്ഗവർണ്ണ -
ചിന്തകൾ മറന്ന് മനുഷ്യരെല്ലാം
ഒന്നായി

നിലനിൽപ്പിനായി വർത്തിച്ച നാളുകൾ
ഓർമ്മയിൽ മായാതെ നില്പൂ നിൻ മുഖം
ശോകരേഖപോലെ ഹൃത്തിൽ..........

കാലമേസാക്ഷി ...........
പ്രകൃതിഭാവങ്ങൾ മിന്നിയതും
വേപഥു പൂണ്ട് സർവ്വചരാചരങ്ങൾ ഉഴറിയതും
ഇന്നുമെൻ സ്മൃതിയിൽ അണയാതെ .......
ദീപനാളമായ് ജ്വലിപ്പൂ ,
കടലിൻ മക്കളും , ദൗത്യസേനയും , സഹായഹസ്തങ്ങളും......
കൈകോർക്കാം നമുക്ക് അതിജീവനത്തിനായി .......
തിളങ്ങട്ടെകൈരളി, ഉയരട്ടെ മേൽക്കുമേൽ.

ശ്രീലേഖ മനോജ്(മലയാളംഅധ്യാപിക)

അറവുകാട്ഹൈസ്ക്കൂൾ
പുന്നപ്ര









# തേനീച്ചയുടെ ചിന്തകൾ

ഒരു തുള്ളി മധു നുകരാൻ ഞാൻനിന്നെയി -

ന്നെവിടെയെല്ലാം തിരഞ്ഞു പൂവേ

മധു നിറയുമപ്പത്ര
ഭാരത്തിനാൽ ഹോ!



ഒരു മാത്ര നിൻ തനു
തളർന്നിരുന്നു അതോ


അന്ധരുടെ കണ്ണുകളിലെ യക്ഷിയെപ്പോലെ നിൻ

ചോരയൂട്ടുവാൻ വന്നിടും ചോരനോ ഞാൻ


പറയൂ പറയൂ എൻ പ്രിയമെഴും പുഷ്പമേ

പറയൂ നിൻ കഥയിൽ ഞാൻ ഇതിലേത്കഥാപാത്രം ?

**പ്രണവ്.എസ്**
9 A2



# ജന്മനാടിനായി



ഭാരത മാതാവിന്റെ
അഭിമാനത്തെ ചൊല്ലി

കാർഗിലിൽ യുദ്ധം ചെയ്യും
ഭാരത ജവാന്മാരെ

നിങ്ങൾ തൻ രക്‌തം വീണ
നനഞ്ഞ കാർഗിലിന്റെ

കനത്ത മലനിര
എന്തിനും മൂകസാക്ഷി

ഭാരത മക്കൾ നമ്മൾ
ഭാരത ഭൂമി കാക്കാൻ

നിറഞ്ഞ തോക്കുമായി
കുതിച്ചു മുന്നേറണം

**കിരൺ. ആർ. ദേവ്**
**9A**





# ബാല്യം

ഓർമ്മകളിൽ ഓമനിക്കാൻ
ഒരു ബാല്യകാലം

സപ്തവർണങ്ങൾ ചാലിച്ചെഴുതിയ
ബാല്യം

ബാല്യത്തിൻ  മാസ്മര ചോലയിൽ
നീരാടി

അതിൻ  ശോഭ ഞാനറിയുന്നു

ഒരു ഫണത്തിൽ വലയം പോലെ

ചീറ്റുന്ന വിഷപുക എൻ നേരെ




പ്രണവ്. എസ്
9 A2







# പ്രളയം സൃഷ്ടിച്ച കാഴ്ച



ഒരുദിനം കൊണ്ടെന്റെ കേരനാട്
ഒരു ജലധാരക്കടിയിലായി
സർവ്വവും ഭൂമിക്കടിയിലായി -
സഹസർവ്വവും ഭൂമിയിൽ
നഷ്ടമായി

പലരുംതൻ ജീവൻ വെടിഞ്ഞു പോയി ,
പലരേയും കാണ്മാതെയായിപ്പോയി
ജന്മാന്തരങ്ങൾക്ക് ശേഷമാണീവിധം
ഒരു വൻദുരന്തം വന്നെത്തിയത്

കൂരകൾ മറ്റും നശിച്ചു പോയി
കരകാണാതെയലഞ്ഞു ജനം
നമ്മളായ് തള്ളിപ്പറഞ്ഞവർ വന്നെത്തി
നമ്മളെ രക്ഷിച്ചു കരകയറ്റാൻ

ഒരു നൽ തുണയ്ക്കായ് തുറന്നു തന്നു
വിദ്യാലയത്തിന്റെ വാതിലുകൾ
വലിയവൻ ചെറിയവൻ എന്ന് ചിന്തിക്കാതെ
ഒരുമിച്ചിരുന്നവർ ഉണ്ടുറങ്ങി

ഒരു വൻ ദുരന്തം വേണ്ടിവന്നു
ഒരു ജനത മുഴുവനായ് ഒന്നിക്കുവാൻ
പണ്ടു മഹാബലി തമ്പുരാൻ ചൊന്നപോൽ

ജാതിയും മതവും ഇല്ലാതുറങ്ങാൻ

പ്രകൃതിയും മറ്റും നശിച്ചെങ്കിലും
മർത്യന്റഹങ്കാരം തോറ്റു പോയി
കാണാൻ കഴിയില്ല ഇവ്വിധം കാഴ്ച
കാണാൻ മനസ്സ് കൊതിച്ച കാഴ്ച

ശ്രീതു ജെയിംസ്
**VIII C**



# ബഷീറിന്റെ കുഞ്ഞിപാത്തു



ആനമക്കാരിന്റെ പേരക്കുട്ടി
മോഞ്ചത്തിയാം കുഞ്ഞിപ്പാത്തുമ്മ
ആമ്പൽക്കുയത്തിൽ കുളിയ്ക്കുന്ന
മുങ്ങിയും പോങ്ങിയും നീന്തുന്ന

പെട്ടെന്നോരട്ട കടിക്കുന്നു
രണ്ടു തലയുള്ള കന്നട്ട
കുഞ്ഞിക്കാൽ നൊന്തു വിറയ്ക്കുന്നു!
പൊട്ടിക്കരഞ്ഞു പോയ് പാത്തുമ്മ




ചോര കുടിക്കുന്ന കന്നട്ട
നെഞ്ചത്തിക്കടിക്കുന്ന പാത്തുമ്മ
ഉമ്മായേ ബാപ്പായേ ഓടിവായോ
അട്ട കടിച്ചെന്നെ കൊല്ലുന്നേ

ചോര കുടിച്ചു വയർ നിറഞ്ഞേ
അട്ടയോ താഴേയ്ക്കു വീഴുന്നു
കാലിന്നൊഴുകുന്ന ചെഞ്ചോര

അട്ടയെ കൈകളിലേന്തുന്നു
കൊഞ്ചിച്ചു കൊഞ്ചിച്ചു ചോദിപ്പൂ
എന്തിനാണെന്നെ കടിച്ചതട്ടേ ?

പാവമാ ജീവിയെ കൊന്നിടാതെ
വെള്ളത്തിൽ തന്നെയിടുന്ന പാത്തു
കുഞ്ഞു മനസ്സിന്റെ കാരുണ്യം
അട്ടയെ കൂടിരക്ഷിക്കുന്നു

തല്ലലും കൊല്ലലും പാപമെന്ന്
കുഞ്ഞു മനസ്സറിഞ്ഞീടുന്നു
ആരിലും ദയയുള്ള കുഞ്ഞിപ്പാത്തു
പടച്ചോന്റെ കൃപയുള്ള കുഞ്ഞിപ്പാത്തു

ദേവിക.എസ്
9A2









# NEWTON'S LAW

I was inattentive in science class one day
When the teacher at random looked my way
I didn't look up,I wouldn't dare
There's no escaping that intense glare.

Asked me to explain to the class
Newton's law of gravity and mass
My mind was a blank,heartbeats louder
For an answer I started to flounder.



I stood before the class trembling with fear
“Gravity”,I said...and then oh dear!!!
I fell off stage on to the floor
How the class with laughter did roar.

The children tittered in great amusement
They didn't know my sad predicament
The teacher said, “You've demonstrated gravity”
“Although you did it with much levity”.

At length I returned to my seat
with much applause did they greet
Now I look upon this and ponder
I decide to listen and not let my mind

Sangeetha
**10 B**

# HAPPY HOME

I Live in a little house.
Down by the sea,
With green trees all around,
Just like you can see.



My parents are fisher folk.
They sail the sea in boats,
they come back after fishing,
With many fish loads.

I swim in the water,
And build castles on the sand,
And I watch when my parents,
Bring baskets of fish to land.

I like my little home.
And my parents too.
You must come,when you pass by
I'm sure you will like them too..

Ambady . S . Reman
9A









# दीदी की यादों में ........



ओ दीदी मेरी प्यारी दीदी

अब भी तू नहीं आयी

तुझे खोजकर मैं थक्क गया

चमकते सितारों में , उड़ती हुई सुंदर चिड़ियों में

खिलती हुई सुरभिल फूलों में

हर कहीं देखा , कभी नहीं मिला

ओ दीदी मेरी प्यारी दीदी

तू कितनी प्यारी , भोली - भाली थी

तेरी ममता की छाया में

मैं कितना बड़ा हुआ ।

हमारा बचपन , खुशियाँ ,दिन-रात

ये सब दौड़ती दुनिया में

लेकिन दीदी एक क्षण मुझे दे दो

तेरे साथ जीने केलिए ,एक हंसी केलिए

सिर्फ देखने केलिए

आज भी में तेरा बच्चा हूँ।





സജീന.പി.കെ

ഹിന്ദി അദ്ധ്യാപിക

# തത്തമ്മയും വവ്വാലും



ഒരിക്കൽ ഒരു തത്തമ്മ ആടിപ്പാടി കാട്ടിലൂടെ പറന്ന് കളിക്കുകയായിരുന്നു .കളിക്കുന്നതിനിടയിൽ വനവേടൻ വെച്ചവലയിൽ തത്തമ്മ കുടുങ്ങി. തത്തമ്മ ആർത്തു കരഞ്ഞു. പക്ഷെ തത്തമ്മയുടെ കരച്ചിൽ ആരും കേട്ടില്ല .അപ്പോഴാണ് വനവേടൻ ആ വഴി വന്നത് വനവേടൻ എടുത്ത് തത്തമ്മയെ ഒരുക്കൂട്ടിൽ ഇട്ടു. പിന്നീട് അയാൾ ചന്തയിൽ കൊണ്ടുപ്പോയിവിറ്റു. തത്തമ്മയെ വാങ്ങിയ ആൾ ഒരു കൂട്ടിലാക്കി തന്റെ വീടിന്റെ മുമ്പിൽ തൂക്കിയിട്ടു. കുറച്ചു ദിവസം തത്തമ്മ താൻ കളിച്ചുനടന്ന കാടിനെ കുറിച്ചു ഓർത്ത് ഒരുപാട് സങ്കടപ്പെട്ട് കൂട്ടിൽ കിടക്കുകയായിരുന്നു .

പെട്ടെന്ന് ഒരു വവ്വാൽ കൂട്ടിനകത്തുവന്നു ചോദിച്ചു "എന്താചെങ്ങാതീ ഇത്ര സങ്കടത്തോടു കൂടി കിടക്കുന്നത് " തത്തമ്മ തന്റെ സങ്കടം മുഴുവൻ



വവ്വാലിനോട് പറഞ്ഞു. സൂത്രശാലിയായ വവ്വാലിന് ഒരു സൂത്രം തോന്നി . അവൻ പറഞ്ഞു. ഇന്നുമുതൽ ഈവീട്ടിൽ നിന്നു എന്തു ഭക്ഷണം തന്നാലും നീ കഴിക്കരുത്. നിനക്കുള്ള ഭക്ഷണം ഞാൻ രാത്രിയിൽ കൊണ്ടുവരും. എന്നു പറഞ്ഞു വവ്വാൽ പറന്നുപോയി വവ്വാൽ. വവ്വാൽ പറഞ്ഞത് അനുസരിച്ച് തത്തമ്മ







അന്നുമുതൽ ഒന്നും കഴിക്കാതായി . രാത്രി വവ്വാൽ കൊടുത്തതുമാത്രം കഴിച്ചു . ഒരാഴ്ചകഴിഞ്ഞു വവ്വാൽ പറഞ്ഞു "നാളെ നീ ചത്ത പോലെ കിടക്കണം. എന്തു സംഭവിക്കുമെന്ന് നമുക്കു നോക്കാം. പിറ്റേ ദിവസം വീട്ടുകാർ നോക്കിയപ്പോൾ തത്ത കൂട്ടിൽ ചത്തുകിടക്കുന്നു. ഭക്ഷണം കഴിക്കാതെ തത്തമ്മ ചത്തുപോയെന്ന് കരുതി വീട്ടുകാർ അതിനെ എടുത്തു കളഞ്ഞു. കൂട്ടിൽ നിന്നു രക്ഷപ്പെട്ട തത്ത വവ്വാലിനോട് നന്ദിപറഞ്ഞു വനത്തിലേക്കു യാത്രയായി.

ഫാത്തിമ എസ്
8 A

# മാതൃസ്നേഹം

ഒരു നാൾ ഒരു ഗ്രാമത്തിൽ സൂസി എന്ന 'അമ്മ പട്ടിയും  ട്ടു എന്ന കുഞ്ഞു പട്ടിയും താമസിച്ചിരുന്നു . ഇവരെ ഒരു വീട്ടിൽ വളർത്തുന്നതായിരുന്നു . അവർ വളരെ സന്തോഷത്തോടുകൂടിയാണ് വളർന്നത്. അവരെ വളർത്തിയിരുന്ന ഉടമസ്ഥന്സൂസിയെയും ട്ടുവിനെയും വല്ല്യ ഇഷ്ടമാണ്. സൂസി ഒരു നല്ലപട്ടിയാണ്. അവൾക്ക് എല്ലാവരെയും ഭയങ്കര ഇഷ്ട്ടമാണ്. ട്ടു ഒരു വലിയ വികൃതികുട്ടിയാണ്.എങ്കിലും അവൻ എല്ലാവരും പറയുന്നത് അനുസരിക്കും . അങ്ങനെ അവർ സന്തോഷത്തോടെ കഴിയുമ്പോളാണ് എല്ലാവരെയും തകർത്തുകൊണ്ടൊരു മഹാമഴവന്നത്.രാവും പകലും ഒന്നും ഇല്ലാതെ മഴ തുടരുന്നു . അവിടെയുള്ള എല്ലാവരും നന്നേ പേടിച്ചിരുന്നു . ആ  ജില്ലയിൽ എല്ലാ ഭാഗത്തും വെള്ളം കൈയേറി .അവിടുത്തെ ജനങ്ങൾ നെട്ടോട്ടം ഓടുന്നു .സൂസിയെ വളർത്തിയ വീട്ടിലെ ആളുകൾ വെള്ളത്തിൽ പെട്ടുമരിച്ചു .സൂസിനോക്കുമ്പോൾ  ജനങ്ങൾ എല്ലാവരും അവരുടെ മക്കളെ കോരിയെടുത്തു കൊണ്ടുപോകുന്നു . ഒരു ഭാഗത്തു വള്ളത്തിൽ മത്സ്യതൊഴിലാളികളും  ജനങ്ങളും കൂടി രക്ഷപ്പെടുത്തുന്നു .അവിടെ ഉള്ള ആരും സൂസിയെയും ട്ടുവിനെയും നോക്കിയില്ല . അപ്പോൾ സൂസിതന്നെ ട്ടുവിനെയും കടിച്ചുപിടിച്ചു കൊണ്ട് നീന്തിനീന്തി അങ്ങകലെ മറഞ്ഞു.



പിന്നീട് ഈ ഒരു കാഴ്ചയാണ് കേരള ജനതയെ അത്ഭുതപ്പെടുത്തിയത്.



**ആദിത്യ.M**

**VIII. C**







# ഒരു കിളിയുടെ കഥ

ഒരു കാട്ടിൽ ഒരു കിളിയും അതിന്റെ അച്ഛനും അമ്മയും അനുജത്തിയും താമസിച്ചിരുന്നു .അവർ നല്ല ചങ്ങാതിമാരായാണ് കഴിഞ്ഞിരുന്നത് .ഒരു ദിവസം ഇവർ നാലുപേരും കൂടി തീറ്റ തേടാനായി ഉൾകാട്ടിലേക്ക് പോയി .ഇവർ നാലുപേരും പലവഴിയിൽ തീറ്റ തിരഞ്ഞു .അത്ഭുതകരമെന്ന് പറയട്ടെ ആ പാവം കിളിയെ ഒരു വേടൻ പിടിച്ചു തന്റെ വീട്ടിലെ കൂട്ടിനകത്ത് ഇട്ടു .ആ പാവം കിളി ഒരു പാട് വിഷമിച്ചു .അങ്ങനെ ഒരു ദിവസം കിളിയുടെ ചങ്ങാതിമാരായ പാമ്പും ,മുയലും ,ആമയും ആനയുമൊക്കെ ആ വഴി വന്നു .യാദൃശ്ചികമായി അവർ അവളെ കണ്ടു .അവർ അവളുടെ അടുത്തുക്കു വന്നു .എന്തുപറ്റി എന്ന് കിളിയോട് ചോദിച്ചു .അവൾ കാര്യകാരണം അവർക്ക് വിശദമായി പറഞ്ഞു



കൊടുത്തു .കാര്യത്തിന്റെ ഗൗരവം മനസിലാക്കിയ കിളിയുടെ കൂട്ടുകാർ ഒരു പദ്ധതിയിട്ടു .ഒരു ദിവസം വേടൻ അടുത്ത വേട്ടക്കായി പോയ സമയത്തു കിളിയുടെ കൂട്ടുകാർ അവിടെ വന്നു .അവർ വന്നതുകണ്ട് കിളി ഒരുപാട് സന്തോഷിച്ചു .അവർ കിളിയെ രക്ഷിച്ചു എന്നിട്ട് കിളിയുടെ അച്ഛനമ്മമാരുടെ കൈയിൽ ഏല്പിച്ചു .എന്നിട്ട് കിളിയുടെ അമ്മ അവരോട് പറഞ്ഞു "എന്റെ മകളെ രക്ഷിച്ചതിനു നന്ദി .നിങ്ങളില്ലായിരുന്നെങ്കിൽ ഇവളെ ആ വേടൻ ചുട്ടുതിന്നുമായിരുന്നു" .വളരെയധികം നന്ദിയുണ്ടെന്ന് കിളിയുടെ അച്ഛനും അമ്മയും അനുജത്തിയും പറഞ്ഞു .അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു " കൂട്ടുകാർക്ക് ആപത്ത് വരുമ്പോൾ സഹായിക്കേണ്ടത് കൂടെയുള്ളവരുടെ കടമയാണ് ".അവർ യാത്ര പറഞ്ഞു പോയി .അവർ സന്തോഷത്തോടെ ആ കാട്ടിൽ താമസിച്ചു.

**ഷിഫ നസ്രിൻ**

**8A**










Ganapathy
Devika. R
IX : A2

# <u>അഭിമുഖം</u>



സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവും ,അറവുകാട് ഹൈസ്കൂളിലെ സോഷ്യൽ സയൻസ് അദ്ധ്യാപകനുമായ ശ്രീ രഞ്ചൻ സാറുമായിനടത്തുന്ന അഭിമുഖം.

റിസാന :എത്ര വർഷമായി അങ്ങ് അദ്ധ്യാപനരംഗത്ത് ഉണ്ട് ?

സർ : 1995 -ൽ അദ്ധ്യാപകനായി അറവുകാട് ഹൈസ്കൂളിൽ പ്രവേശിച്ചു .അദ്ധ്യാപകനായി സേവനമനുഷ്ഠിക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് 21 വർഷമായി.

ട്വിങ്കിൾ : ക്ലാസ്സ്റൂം പ്രവർത്തനത്തിനപ്പുറം ഏതെല്ലാം പ്രവർത്തനമേഖലകൾ ആണ് അങ്ങയുടെ അധ്യാപനത്തിനു മുതൽക്കൂട്ടായതു ?

സർ : സാമൂഹിക ശാസ്ത്ര വിഷയത്തെ ശാക്തീകരിക്കുവാൻ വേണ്ടി ഒട്ടനവധി പ്രവർത്തനങ്ങൾ ക്ലാസ്സ്റൂമിന് അകത്തും പുറത്തുമായി നടത്തിയിരുന്നു . അദ്ധ്യാപനം എനിക്ക് ഏറ്റവും ഇഷ്ടപെട്ട സേവന മേഖലയാണ്. അദ്ധ്യാപകൻ എന്ന നിലയിൽ എനിക്ക് ഏറ്റവും കൂടുതൽ ആത്മവിശ്വാസം നൽകിയത് സ്കൂളിലേക്ക് വരുന്നതിനു മുമ്പ് സമാന്തര വിദ്യാഭ്യാസ രംഗത് സജ്ജീവമായിരുന്നതായിരുന്നു.ക്ലാസ്സ്റൂം പ്രവർത്തനമായിരുന്നു കൂടുതൽ ചെയ്തിരുന്നത് .അതിനപ്പുറം അദ്ധ്യാപക പരിശീലകനായി മാറുവാൻ എനിക്ക് കഴിഞ്ഞു . 12 വർഷമായി

അദ്ധ്യാപക പരിശീലന രംഗത്തുണ്ട് ,ഇപ്പോഴും അത് തുടരുന്നു .അതോടൊപ്പം സാമൂഹിക ശാസ്ത്ര വിഷയമായി ബന്ധപെട്ടു ധാരാളം മൽസരങ്ങൾ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ദേശീയ തലത്തിൽ രണ്ടു പ്രാവശ്യം അദ്ധ്യാപക പരിശീലകനായി പോകുവാൻ സാധിച്ചു ഡൽഹിയിൽ 10 ദിവസവും ഹൈദരാബാദിൽ 20 ദിവസവും പരിശീലകനായി പോകുവാൻ സാധിച്ചു . അദ്ധ്യാപനത്തിനു സഹായിക്കുന്ന ധാരാളം ശില്പശാലകളിലും എനിക്ക് പങ്കെടുക്കുവാൻ സാധിച്ചു .

ആലിയ: സാമൂഹിക ശാസ്ത്ര അദ്ധ്യാപകൻ എന്ന നിലയിൽ കുട്ടികളുടെ ഏതെല്ലാം കഴിവുകൾ വളർത്തിയെടുക്കാൻ അങ്ങയുടെ പ്രവർത്തനങ്ങൾ വഴിയൊരുക്കി ?

സർ : ഏതൊരു അദ്ധ്യാപകനും കുട്ടികളിൽ അടങ്ങിയിരിക്കുന്ന വൈവിധ്യമായ കഴിവുകൾ അറിഞ്ഞിരിക്കണം . ആ കഴിവുകളെ പുറത്തു കൊണ്ട് വരുവാനുള്ള ഒരു വേദിയൊരുക്കുക എന്നതാണ് ഒരു അദ്ധ്യാപകന്റെ ലക്ഷ്യം. ഇതിനോടനുബന്ധിച് ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വെക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട് . ഇതിൽ ആലപ്പുഴ ജില്ലയിലെ 43 സ്കൂളുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പരിശീലിപ്പിക്കുകയും ആലപ്പുഴ ഗവെർന്മെന്റ് ഗേൾസ് ഹൈസ്കൂൾ മുതൽ ആലപ്പുഴ കടപ്പുറം വരെ നീണ്ടുനിൽക്കുന്ന ദണ്ഡിയാത്ര സംഘടിപ്പിക്കുകയുണ്ടായി .സമൂഹമാധ്യമങ്ങൾ അതിനെ വളരെ പ്രസക്തിയോടെ നോക്കിക്കാണുന്നു . ഞാൻ എന്റെ സങ്കല്പത്തിലൂടെ പ്രതികാത്മകമായ ദണ്ഡിയാത്രയാണ് സംഘടിപ്പിച്ചത് .എന്നാൽ









സമൂഹം അതിനെ ദണ്ഡിയാത്രയുടെ ഒരു പുനരാവിഷ്കാരമായാണ് കണ്ടത് . ഒരു സാമൂഹിക ശാസ്ത്ര അദ്ധ്യാപകൻ എന്ന നിലയിൽ കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കുവാൻ എനിക്ക് സാധിച്ച ഏറ്റവും വലിയ പ്രവർത്തനമായിരുന്നു ഈ ദണ്ഡിയാത്ര .

ആലിയ : പ്രവർത്തന മേഖലകളിൽ സാമൂഹിക പിന്തുണ എപ്രകാരമായിരുന്നു ?

സർ: പ്രവർത്തനമേഖലകളിൽ പ്രതീക്ഷിച്ചതിനേക്കാൾ പിന്തുണ എനിക്ക് ലഭിച്ചിട്ടുണ്ട് . ഉദാഹരണമായി ,ഞാൻ അധ്യാപകനായി ഇവിടെ വന്നത് മുതൽ ഒട്ടനവധി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട് . കുട്ടനാട് ജനജീവിതവും , മഹാത്മാഗാന്ധിജിയുടെ ദണ്ഡിയാത്രയുടെ പ്രതീകാത്മകമായ ഒരു ആവിഷ്കാരവും എന്നീ ഡോക്യുമെന്ററികളും എന്റെ മറ്റു പ്രവർത്തനങ്ങൾക്കുമെല്ലാം തന്നെ അന്നത്തെ പ്രഥമ അധ്യാപികയായ സീതാലക്ഷ്മി ടീച്ചറുടേയും പി .ടി .എ ഭാരവാഹികളുടെയും പിന്തുണ ലഭിക്കുകയും ഉണ്ടായി .അതിൽ ഏറ്റവും പ്രധാനമായി പറയേണ്ടത് മാനേജ്മെന്റിന്റെ സഹായവും പിന്തുണയും ആയിരുന്നു .

മുബീന: പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഭാവിപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

സർ: ആലപ്പുഴ ജില്ലയുടെ സമഗ്ര ചരിത്രം ആസ്പദമാക്കി ഒരു പ്രൊജക്റ്റ് ചെയ്യാൻ പോവുകയാണ് . ആലപ്പുഴയിലെ യു .പി , എച് . എസ് തലങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി ചെയ്യുന്ന ഒരു പ്രൊജക്റ്റ് ആണിത്


.പ്രോജക്ടിന്റെ പേര് "നാട്ടുവഴികൾ " . 50 പ്രദേശങ്ങളാണ് ഇതിനായി തിരഞ്ഞെടുത്തത് . ഒരു പ്രദേശത്തെ തിരഞ്ഞെടുക്കേണ്ടത് ആ പ്രദേശത്തെ കൂടുതൽ മനസ്സിലാക്കിയാണ് . ഇപ്പോൾ അതിന്റെ ഒരു തിരക്കിലാണ്.

റിസാന: ഒരു അദ്ധ്യാപകൻ എന്ന നിലയിൽ അവാർഡിനെ എങ്ങനെ നോക്കിക്കാണുന്നു ?

സർ: ഇത്തരത്തിലുള്ള ഒരു അവാർഡ് ലഭിച്ചതിലൂടെ എന്റെ ഉത്തരവാദിത്വങ്ങൾ വർധിക്കുകയാണ്. സമയം ഒരിക്കലും നമുക്ക് വേണ്ടി കാത്തുനിൽക്കില്ല . എന്നാൽ മൂല്യമേറിയ സമയത്തെ നോക്കി നിൽക്കാതെ നമുക്ക് ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തു തീർക്കണം . ഉറങ്ങുന്നതിന് മുമ്പ് എനിക്ക് ഇനിയും ഒരുപാട് അകലെ സഞ്ചരിക്കേണ്ടതുണ്ടെന്നും ചിന്തിക്കുക . ഈ ഒരു അംഗീകാരം കൊണ്ട് സമൂഹത്തിൽ നിന്ന് ലഭിച്ച അഭിനന്ദനങ്ങൾ , പ്രോത്സാഹനങ്ങൾ എല്ലാം കൊണ്ടും ഇതൊരു വലിയ അംഗീകാരമായി ഞാൻ നോക്കിക്കാണുന്നു.






Dot painting
Devika R
IX: A2.

# ഇന്ത്യയുടെ ഹൃദയഭാഗത്തേക്ക്

# ഒരു യാത്ര



17 -10 -18 രാവിലെ 10 -30 ന് ഞങ്ങൾ അറവുകാട് സ്കൂളിലെ ആലിയ , റിസാന , ടിങ്കിൾ , സംഗീത , കാശിനാഥ് , ആലപ്പുഴ റെയിൽവേ സ്റ്റേഷനിൽ എത്തി . അവിടെ ഞങ്ങളെ സ്വീകരിക്കാൻ ബഹു : ആലപ്പുഴ മുൻസിപ്പാലിറ്റി സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ അഡ്വ : മനോജ്കുമാർ സാർ , ബഹു: A.E.O ആസാദ് സാർ കൂടെ ഞങ്ങളുടെ ബഹുമാന്യനായ രഞ്ചൻ സാറും . ഏകദേശം 11.45 am ന് ഞങ്ങളുടെ ട്രെയിൻ (കൊച്ചുവേളി - അമൃത്സർ) , റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നു . മാതാപിതാക്കളോട് യാത്ര പറഞ്ഞ് ട്രെയിനിലേക്ക് കയറി ഞങ്ങൾ യാത്ര ആസ്വദിച്ചു തുടങ്ങി .

19 - 10 -2018 ഉച്ചയോടെ ഞങ്ങൾ ഡൽഹി റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്നു . ഉച്ചഭക്ഷണത്തിനു ശേഷം ഞങ്ങൾ സ്കൗട്ട് ആന്റ് ഗൈഡ്സ് സമുച്ചയത്തിൽ എത്തി . അന്നത്തെ ഞങ്ങളുടെ ആദ്യ സന്ദർശനം ശ്രീ . സ്വാമി നാരായണന്റെ അക്ഷർദാം ക്ഷേത്രമായിരുന്നു . അവിടുത്തെ മനോഹര ശില്പങ്ങളും ചരിത്രങ്ങളുമെല്ലാം ഞങ്ങളെ വളരെ ആകാംഷാഭരിതരാക്കി . അവിടുത്തെ ഏറ്റവും രസകരമായ വാട്ടർഷോ ഞങ്ങൾ കണ്ടു .ഏകദേശം രണ്ട് മണിക്കൂറോളം,ഞങ്ങൾ അവിടെ ചെലവഴിച്ചു.

20 -10 -2018 ഞങ്ങൾ എല്ലാവരും സൂര്യനുദിക്കുന്നതിന് മുൻപ് തന്നെ എഴുന്നേറ്റു . കാഴ്ചകൾ എല്ലാം ആസ്വദിക്കാൻ തയ്യാറായി . അവരവർക്കു നിർദേശിക്കപ്പെട്ട ബസിൽ കയറി . ആദ്യം ഖുത്തബ് മിനാർലേക്കാണ് യാത്ര പോകുന്നത് . പോകുന്ന വഴിയിൽ ഞങ്ങൾ ചക്രവർത്തികളായ

അക്ബർ , ഷെഹർഷാ എന്നിവരുടെ പേരുകളിൽ തുടങ്ങുന്ന റോഡുകൾ കണ്ടു. വളരെ ദൂരത്തുനിന്നു തന്നെ ഖുത്തബ് മിനാർ ഞങ്ങൾക്ക് കാണാൻ സാധിക്കുന്നുണ്ടായിരുന്നു . ഞങ്ങൾ അവിടെ എത്തി.കുട്ടികൾക്ക് ടിക്കറ്റ് വേണ്ടായിരുന്നു . ആദ്യം കണ്ടത് വളരെ ഉയരം ഉള്ള ഖുത്തബ് മിനാറായിരുന്നു .



എന്ത് ഉയരം ആയിരുന്നു . അതിനു ശേഷം അതിനടുത്തുള്ള ഒരു വാതിലിലൂടെ കയറി . ഒരു വലിയ തറവാട് പോലെ . മുകളിൽ മേല്ക്കൂരയില്ല .അത് വളരെ മനോഹരം ആയിരുന്നു.രണ്ടുമണിക്കൂറോളം അവിടെ ചിലവഴിച്ചു . അടുത്തത് ഹുമയൂൺ ടൂംബിലേക്കാണ് . ധാരാളം പടികൾ ചവുട്ടി മുകളിലേക്ക് കയറി .

അതായിരുന്നു ഹുമയൂൺ ടൂംപ് .ധാരാരാളം മുറികളായിരുന്നു എല്ലാമുറികളിലും ശവകല്ലറകളായിരുന്നു . കൊട്ടാരത്തിന്റെ നാലുചുറ്റിനും കോട്ടകൾ ഉണ്ടായിരുന്നു . അടുത്തത് ആലപ്പുഴയുടെ ബഹുമാന്യനായ MP ശ്രീ കെ .സി . വേണുഗോപാലിന്റെ ഡൽഹിയിലെ വസതിയിലേക്കാണ് . അദ്ദേഹം ഞങ്ങൾക്കായി അവിടെ ചെറിയൊരു വിരുന്ന് ഒരുക്കിയിട്ടുണ്ടായിരുന്നു .ഞങ്ങൾ അദ്ദേഹവുമായി കുറെ നേരം സംവദിച്ചു . അന്നത്തെ ഞങ്ങളുടെ അവസാന ദർശനം ഇന്ത്യ ഗേറ്റ് ആയിരുന്നു . അവിടം വളരെ മനോഹരമായിരുന്നു .ഗേറ്റിനു മുകളിൽ ദേശീയ പതാകയുടെ മൂന്ന് വർണങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു . അമർജവാൻ ജ്യോതി കണ്ടപ്പോൾ വളരെ അഭിമാനം തോന്നി. ഗേറ്റിന്റെ ചുമരിൽ ഏതാണ്ട് 80000 ധീരജവാൻമാരുടെ പേരുണ്ടായിരുന്നു.വളരെ നയന മനോഹരമായ കാഴ്ചയായിരുന്നു അത് . പിന്നെ ഞങ്ങൾ തിരികെ ഭാരത് സ്കൗട്ട് & ഗൈഡ് ലോഡ്ജിലേക്ക് പോയി .



തലേ ദിവസത്തെ മീറ്റിംഗിൽ തീരുമാനിച്ചതു പോലെ ഞങ്ങൾ 21/10/18 തീയതി പോയത് താജ് മഹലിലും ആഗ്ര ഫോർട്ടിലുമാണ്. രാവിലെ ഏതാണ്ട് 6 മണിയോടെ ഞങ്ങൾ തയ്യാറായി .ഞങ്ങൾ യാത്ര ആരംഭിച്ച .ഉച്ചക്ക് 11 മണിയോടെ താജ് മഹലിൽ ചെന്നു .ഏതോ വലിയ സ്വപ്നം സാക്ഷാത്ക രിച്ചതുപോലെ ഞങ്ങൾക്കൊരു സന്തോഷം.ഏതാണ്ട് 30 മിനിറ്റോളം ക്യൂവിൽ നിന്നു . പിന്നെ താജ് മഹലി ലേക്കുള്ള പാസേജ് എത്തി .ആ പാസേജിലൂടെ ഞങ്ങൾ താജ് മഹലിന്റെ മുന്നിലെത്തി .ചിത്രത്തിൽ കാണുന്നതിനേക്കാൾ ഏറെ മനോഹരമായിരുന്നു അത് .എന്തെന്നില്ലാത്ത സന്തോഷമായിരുന്നു ഞങ്ങൾക്ക് . താജ് മഹലിന്റെ നാലു വശങ്ങളും കവാടങ്ങളും ജനാലകളും വരെ ഒരേ പോലെയായിരുന്നു .താജ് മഹലിന്റെ വാസ്തു ശിൽപ്പം

അതിമനോഹരമായിരുന്നു .ശേഷം ഞങ്ങൾ താജ് മഹലിന്റെ അകത്തു പ്രവേശിച്ച .ഷാജഹാന്റെയും അദ്ദേഹത്തിന്റെ പത്നി മുംതാസിന്റെയും ഖബറിടങ്ങൾ കണ്ടു .പിന്നെ താജ് മഹാലൊന്ന് ചുറ്റി കണ്ട ശേഷം വീണ്ടും പാസേജിലൂടെ പുറത്തിറങ്ങി യാത്രയായി .അടുത്തത് ആഗ്ര ഫോർട്ടിലേക്ക് .ആഗ്ര ഫോർട്ടിന്റെ മുന്നിൽ ഞങ്ങളെത്തി.ധാരാളം പൂക്കൾ കൊണ്ട് ആഗ്ര ഫോർട്ട് മനോഹാരിയായിരുന്നു .അവിടെ വളരെ പുരാതനമായ ഒരു കിണറുണ്ടായിരുന്നു .ധാരാളം കൊത്തുപണികളും ,പില്ലറുകളും അവിടെയുണ്ടായിരുന്നു .അവിടെ അധികം സമയം ഞങ്ങൾ ചിലവഴിച്ചില്ല .പിന്നെ ഞങ്ങൾ ഭാരത് സ്കൗട്ട് & ഗൈഡ് ലോഡ്ജിലേക്ക് പോയി .അടുത്ത ദിവസം പാർലമെന്റിലേക്കാണ് പോകുന്നതെന്ന് അന്നത്തെ മീറ്റിംഗിൽ പറഞ്ഞു . അതിന്റെ ആകാംക്ഷയിലും



ആഹ്ലാദത്തിലുമാണ് ഞങ്ങൾ ഡോർമെടിയിലേക്കു പോയത്. പിന്നെ പാർലമെന്റ് സ്വപ്നം കണ്ടു കിടന്നു

22 -10 -2018 ൽ ഞങ്ങൾ ഇന്ത്യയുടെ ഭരണസിരാകേന്ദ്രമായ പാർലമെന്റ് സന്ദർശിക്കാനാണ് പോകുന്നത് .പാർലമെന്റ് സന്ദർശനത്തിന് മുൻപ് ബിർലാമന്ദിർ എന്ന ക്ഷേത്രം സന്ദർശിച്ച .അവിടുത്തെ ആചാരാനുഷ്ഠാനങ്ങൾ ഞങ്ങൾ പരിചയപെട്ടു .അതിനുശേഷം ഞങ്ങൾ ലോട്ടസ് ടെമ്പിളിലേക്ക് യാത്രയായി .അവിടെ നല്ല

തിരക്കനുഭവപ്പെട്ടതിനാൽ പുറത്തുനിന്ന് കാണുക മാത്രമാണ് ചെയ്തത് .ഉച്ചഭക്ഷണത്തിന് ശേഷം പാർലമെന്റ് സന്ദർശിക്കാൻ യാത്രയായി .ഞങ്ങളുടെ ഏതോ വലിയ സ്വപ്നം സാക്ഷാത്കരിക്കുവാൻ പോകുന്നതിന്റെ സന്തോഷമായിരുന്നു ഓരോരുത്തർക്കും .ചെക്കിംഗിനുശേഷം പാർലമെന്റിനകത്തു പ്രവേശിച്ചു .അവിടുത്തെ ചുമരിൽ പണ്ട് ഇന്ത്യ -പാക്കിസ്ഥാൻ യുദ്ധം നടന്നപ്പോൾ ബുള്ളറ്റുകൾ പതിഞ്ഞതിന്റെ പാടുകൾ ഉണ്ടായിരുന്നു.ആ കാഴ്ച തികച്ചും അതിശയം ഉളവാക്കുന്നതായിരുന്നു .അതിനുശേഷം അവിടുത്തെ മാർഗ്ഗദർശി ഞങ്ങൾക്ക് പാർലമെന്റിന്റെ നടപടിക്രമങ്ങൾ മനസിലാക്കിത്തന്നു .പാർലമെന്റിന്റെ രണ്ടുഭാഗങ്ങളായ രാജ്യസഭയും ലോകസഭയും സന്ദർശിച്ചു .ശേഷം പാർലമെന്റിന്റെ പുറത്തിറങ്ങി മഹാത്മാഗാന്ധിയുടെ പ്രതിമക്കുമുന്നിൽ വച്ച് ഇന്ത്യൻ ഭരണാഘടനയും ജനാധിപത്യവും സംരക്ഷിച്ചു കൊള്ളാമെന്നു പ്രതിജ്ഞ ചെയ്തു. ശേഷം അവിടുന്ന് ഞങ്ങൾ ഷോപ്പിംഗിനായി പാലയ്ക്ക ബസാറിൽ ചെന്നു. അന്നത്തെ സന്ദർശനങ്ങൾ കഴിഞ്ഞു . ഞങ്ങൾ തിരികെ റൂമുകളിലെത്തി. 23 -10 -18 അതിരാവിലെ ഭക്ഷണവും കഴിച്ച് ഞങ്ങളുടെ വസ്ത്രങ്ങളും ആവശ്യമായ സാധനങ്ങളും പാക്ക് ചെയ്തു റയിൽവേ സ്റ്റേഷനിൽ ചെന്നു. എന്നിട്ട് കേരളാഎക്സ്പ്രസ്സിൽ കയറി യാത്ര തിരിച്ചു. രണ്ടര ദിവസം നീണ്ടു നിൽക്കുന്ന യാത്രയ്ക്കു ശേഷം ഞങ്ങൾ ആലപ്പുഴ റെയിൽവേ സ്റ്റേഷനിൽ എത്തി .അവിടെ ഞങ്ങൾക്ക് വിപുലമായ ഒരു സ്വീകരണമായിരുന്നു ക്രമീകരിച്ചിരുന്നത് .ഞങ്ങളുടെ വാക്കുകൾക്ക് കാതോർക്കുവാനായി മാധ്യമപ്പട അവിടെ അണിനിരന്നിരുന്നു .ശേഷം ഞങ്ങൾക്ക് ജീവിതത്തിൽ ഒരിക്കലും മറക്കുവാനാവാത്ത നിമിഷങ്ങൾ സമ്മാനിച്ച ബഹു:എം .പി . കെ .സി . വേണുഗോപാൽ സാറിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള കത്തുകൾ പോസ്റ്റ് ചെയ്യുകയുണ്ടായി. സ്വന്തം കൂട്ടിലേക്ക് ചേക്കേറിയ കുരുവികളെപ്പോലെ ഞങ്ങൾ തീവണ്ടി ഓഫീസിൽ നിന്നു മടങ്ങി .

**ആലിയ , റിസാന , ട്വിങ്കിൾ**

***8A***


അതാണ് കാരണം !
വിജയേന്ദ്രരാജാവിന്റെ വിദൂഷകനായിരുന്നു രാമയ്യർ.
രാമയ്യാ താങ്കളുടെ ബുദ്ധി അപാരം തന്നെ
നന്ദി മഹാരാജൻ
സദസ്സിലുള്ള മറ്റുള്ളവർക്ക് രാമയ്യയോട അസൂയയായിരുന്നു
ഹും.. വലിയൊരു ബുദ്ധിമാൻ
ഒരു അവസരം കിട്ടട്ടെ.....
ഒരു ദിവസം
നമ്മുടെ വിദൂഷകൻ കേമൻ തന്നെ
രാമയ്യാ താങ്കളുടെ ഭാര്യാസഹോദരിയുടെ കല്യാണം ആയിരുന്നില്ലേ?
ഉവ്വ് മഹാരാജൻ
എന്തൊക്കെ ആയിരുന്നു വിഭവങ്ങൾ.
അപ്പം, ബിരിയാണി, പാൽപ്പായസം പിന്നെ....
പിറ്റേ ദിവസം സഭ കൂടിയപ്പോൾ
ഓ.... രാമയ്യക്ക് പിന്നെ എന്തൊക്കെ ആയിരുന്നു വിഭവങ്ങൾ.
പിന്നെ കറിയും ഉണ്ടായിരുന്നു.
ബലേഭേഷ്, തന്റെ ഓർമ്മക്ക് കൊള്ളാം. ഈ വൈര മാല
കറിയെന്ന് കേട്ടപ്പോഴേ സമ്മാനം കൊടുത്തു.
നോക്ക്.
പിറ്റേന്ന്
ഈ കറി രാജാവിന് ഇഷ്ടപ്പെടും
ഛീ കൊണ്ടുപോകിൻ നമ്മുടെ മുമ്പിൽ നിന്ന്.
ചേട്ടോ അത്...
ഇന്നലെ 'കറി' എന്ന് കേട്ടപ്പോഴേ രാമയ്യക്ക് വൈരമാല കൊടുത്തില്ലേ അതാ ഞങ്ങൾ...
കാരണം അറിയാതെ
Arjun.P
VIII.A

# കേരളത്തിലെ പ്രകൃതി നേരിടുന്ന വെല്ലുവിളികൾ !

ശാസ്ത്രത്തിന്റെ അത്ഭുതകരമായ വികാസം മനുഷ്യന്റെ സുഖഭോഗ സംസ്കാരത്തിന് വമ്പിച്ച പുരോഗതി നൽകി .അവൻ സമയത്തെയും കാലത്തെയും അതിജീവിച്ച മുന്നേറിയപ്പോൾ ഒപ്പം കൂട്ടേണ്ടുന്ന പ്രകൃതിയെ തഴഞ്ഞു . ഫലമോ മാരകരോഗങ്ങളുടെയും അസ്വസ്ഥതകളുടെയും വിളഭൂമിയായി അവൻ മാറി . സംസ്കൃതിയുടെ കേദാരമായ ഭൂപ്രകൃതിയെ അവഗണിച്ചപ്പോൾ സ്വയം ശവക്കുഴി തോണ്ടുകയായിരുന്നു എന്ന് അവൻ അറിഞ്ഞില്ല . ബുദ്ധിയുടെ വികാസം കൊണ്ട് ധാരാളം വൈജ്ഞാനിക സങ്കൽപ്പങ്ങളും യാഥാർഥ്യങ്ങളും അവനുണ്ടാകാം .പ്രകൃതി മനുഷ്യനെകാൾ എത്ര ശ്രേഷ്ഠമാണ് .തലമുറകൾ കൈമാറി ലഭിച്ച ഭൂമി ,തലമുറകൾക്കു കൈമാറി നല്കാനുള്ളതാണ് .അതുകൊണ്ട് ഭൂമിയെ കൈവെള്ളയിലെ തങ്കംപോലെ സൂക്ഷിക്കേണ്ടാതാണ് .പരിസ്ഥതിക്ക് ഏൽക്കുന്ന ഏതു പരിക്കും ദൂരവ്യാപകമായ പ്രത്യാഘാതമാണ് സൃഷ്ടിക്കുക . ചെറിയൊരു കാലയളവ് കൊണ്ട് തന്നെ മനുഷ്യൻ യാതൊരു വിവേചനവും കൂടാതെ പരിസ്ഥിതിയെ ചൂഷണം ചെയ്യുകയായിരുന്നു .

ജലസമൃദ്ധമായ വയലുകളും ചതുപ്പുകളും നികത്തി അവിടെ സിമന്റ് സൗധങ്ങൾ പണിയുകയാണ് . പ്രകൃതിക്കും ജീവജാലത്തിനും വളരെ കോട്ടം വരുത്തുന്ന പരിസ്ഥിതി സൗഹൃദമല്ലാതെ അത്തരം കൊട്ടാരങ്ങൾ പ്രകൃതിയോടുള്ള വെല്ലവിളി തന്നെയാണ് . വയലുകളും ചതുപ്പുകളും നികത്തുമ്പോൾ ആ പ്രദേശം വളരെവേഗം ഊഷരമാവുന്നു. ലക്ഷ്യബോധമില്ലാതെ വയലുകൾ നികത്തുമ്പോൾ ജലദൗർബല്യം അനുഭവപ്പെടുന്നു .കൃഷി നടക്കുന്നില്ല . താപനം വർധിക്കുന്നു ; ജീവികളുടെ ആവാസവ്യവസ്ഥ അവതാളത്തിലും . ഊഷരത ശക്തമാവുകയും ഭൂവൽക്കതിൽ ജലാധിവാസം ഇല്ലാത്ത അവസ്ഥ സംജാതമാവുകയും ചെയ്യുന്നു .

വയലുകൾ നികത്തി ചെയ്യുന്നതും നഗരവത്കരണത്തിന്റെ ഭാഗമാണ് .അവിടെ പണിതുയർത്തുന്ന ബഹുനില

ഫ്ലാറ്റുകൾ പ്രകൃതിയുടെ സന്തുലനാവസ്ഥയ്ക്ക് കോട്ടം വരുത്തുന്നു .ഫ്ലാറ്റിൽ വസിക്കുന്നവർ ഉണ്ടാക്കുന്ന മാലിന്യപ്രശ്നം പ്രകൃതി നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് .

വയൽ നികത്തുന്നതിനൊപ്പം പുഴ വറ്റുകയും ചെയ്യുന്നു .ജലം ഭൂനിരപ്പിൽ നിന്ന് ഭൂഗർഭത്തിലേക്ക് മാറുന്നു .അങ്ങനെയുള്ള ജലത്തെ ഊറ്റുന്നതാണ് മറ്റൊരു പ്രശനം .നമ്മൾ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ സഹിക്കാൻ വയ്യാതെ പ്രകൃതി ശക്തമായി പ്രതികരിച്ചതാണ് ഈയിടെ നമ്മൾ നേരിട്ട "പ്രളയദുരന്തം".അത് നമുക്ക് വലിയൊരു തിരിച്ചറിവാണ് നൽകിയത് .മനുഷ്യരുടെ കടന്നുകയറ്റം മൂലം ഉണ്ടാകുന്ന ഒരു ദുരന്തം മാത്രമാണിത് .പ്രകൃതി സമ്പത്ത് അനന്തമാണ് .കുന്നുകൾ തകർക്കുന്നതും വയലുകൾ നികത്തുന്നതും ,പുഴകളിൽ നിന്നു മണൽ വാരുന്നതും ,എട്ടുവരിപ്പാതയുണ്ടാക്കുന്നതും എല്ലാം 'വികസനം ' എന്ന ഒറ്റ വാക്കിന്റെ അടിസ്ഥാനത്തിലാണ് .വികസനത്തിന്റെ തീച്ചൂളയിൽ നമുക്കന്യമാകുന്നത് പ്രകൃതിയുടെ സൗന്ദര്യവും സൗഭാഗ്യവുമാണ് . പ്രകൃതിയിൽ നാം ഒന്നും നിസ്സാരമായി കാണുവാൻ പാടില്ല .

പരിസ്ഥിതിയെ സംരക്ഷിക്കണം.അത് നമ്മുടെ കർത്തവ്യമാണ് .പ്രകൃതിയുടെ വരദാനമാണ് .പുഴ മലിനമാകുന്നതും ,പുഴയിലെ മണൽ വാരിയെടുക്കുന്നതും പ്രകൃതി നേരിടുന്ന പ്രശനം തന്നെയാണ് .പുഴവക്കിലെ വ്യവസായശാലകൾ തുറന്നുവിടുന്ന രാസദ്രവ്യങ്ങൾ കലർന്ന ജലം പുഴയിലെ ജലത്തിൽ കലരുന്നതുകൊണ്ട് മീനുകൾ ചത്ത് പൊന്തുകയും ,പുഴയിലെ ജലം കുടിക്കുന്ന മൃഗങ്ങൾ ചത്ത് പോവുകയും ചെയ്യുന്നു .

മനുഷ്യനുണ്ടാക്കുന്ന ഈ വിപത്തുകൾക്ക് പരിഹാരം മനുഷ്യൻ തന്നെ കണ്ടെത്തണം.പ്രകൃതിയുടെ സന്തുലനാവസ്ഥ നഷ്ടപ്പെടാതെ വേണം ഓരോ വികസനവും സാധ്യമാക്കേണ്ടത്.വരും തലമുറയ്ക്ക് വേണ്ടി പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ് . അതിനായി നമുക്കൊത്തൊരുമിച്ച് പ്രയത്നിക്കാം ...



**അലീന സൂസൻ .കെ**
***VIII A2***







# കഥകളി



## കേരളത്തിന്റെ തനതായ ദൃശ്യകലാരൂപം

കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനാമായും പച്ച ,കത്തി ,കരി, താടി ,മിനുക്ക് എന്നിവയാണ് .ശാസ്ത്രക്കളി ,ചാക്യാർകൂത്ത്, കൂടിയാട്ടം ,കൃഷ്ണനാട്ടം ,അഷ്ടപദിയാട്ടം ,ദാസിയാട്ടം, തെരുക്കൂത്ത് ,തെയ്യം ,തിരയാറ്റം,പടയണി തുടങ്ങിയ ക്ലാസിക്കൽ നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ



ദൃശ്യമാണ് .17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്നെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്ന .

**അമ്പിളി .എസ് .ആർ**
**( മലയാളം അധ്യാപിക )**
**അറവുകാട്**

# പഴഞ്ചൊല്ലുകൾ

* ഒത്തുപിടിച്ചാൽ മലയും പോരും.
* പയ്യെതിന്നാൽ പനയും തിന്നാം .
* ഐക്യമത്യം മഹാബലം.
* മടിയൻ മല ചുമക്കും .
* സമ്പത്തു കാലത്തു തൈപത്തുവെച്ചാൽ ആപത്തുകാലത്ത് കാപത്തു തിന്നാം.
* ഉപ്പു തിന്നവൻ വെള്ളം കുടിക്കും.
* കാക്ക കുളിച്ചാൽ കൊക്ക് ആകുമോ ?
* ഗതികെട്ടാൽ പുലി പുല്ലും തിന്നും .
* വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
* മത്തൻ കുത്തിയാൽ കുമ്പളം മുളക്കുമോ ?
* കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിലായാൽ എങ്കണ്ണോളം.
* ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട .
* ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം .
* കിട്ടാത്ത മുന്തിരിപുളിക്കും.
* അമിതമായാൽ അമൃതും വിഷം .

**അശ്വിൻ .ആർ**

***8 A***

# ഇന്ത്യയിലെ പ്രധാന കാർഷിക വിളകൾ



കാപ്പി



ബാർലി



പരുത്തി



നെല്ല്



ഗോതമ്പ്



റബ്ബർ



**കാപ്പി**



**ചോളം**







# പുസ്തകങ്ങളും എഴുത്തുകാരും

| | | |
|---|---|---|
| അർത്ഥശാസ്ത്രം | - | കൗടില്യൻ |
| രാമായണം | - | വാല്മീകി |
| മഹാഭാരതം | - | വേദവ്യാസൻ |
| ഭഗവത്ഗീത | - | വേദവ്യാസൻ |
| അദ്ധ്യാത്മരാമായണം | - | എഴുത്തച്ഛൻ |
| കൃഷ്ണഗാഥ | - | ചെറുശ്ശേരി |
| ഉത്തരരാമായണം | - | ഭവഭ്രൂതി |
| ഗീതാഞ്ജലി | - | ടാഗോർ |
| ഹർഷചരിതം | - | ബാണഭട്ടൻ |
| മേഘദൂതം | - | കാളിദാസൻ |
| അന്നകരിനീന | - | ടോൾസ്റ്റോയി |
| ഹാംലെറ്റ് | - | ഷേക്സ്പിയർ |
| ഇന്ത്യയെകണ്ടെത്തൽ | - | ജവഹർലാൽനെഹ്റു |
| ഇലിയഡ് | - | ഹോമർ |
| ഗോദൻ | - | പ്രേംചന്ദ് |

| | | |
|---|---|---|
| അഗ്നിസാക്ഷി | - | ലളിതാംബിക അന്തർജനം |
| അക്ഷരം | - | ഒ.എൻ.വി |
| രാത്രിമഴ | - | സുഗതകുമാരി |
| നൈവേദ്യം | - | ബാലാമണിയമ്മ |
| ധർമ്മരാജ | - | സി.വി. രാമൻപിള്ള |
| ശാരദ | - | ഒ. ചന്തുമേനോൻ |
| ബലിദർശനം | - | അക്കിത്തം |

**സഹദ് . എസ്**

***9A***

# കൃഷി ചൊല്ലുകൾ

1. കതിരിൽ വളം വെച്ചിട്ട് കാര്യമില്ല

2. അരയ്ക്കായാൽ  മടിയിൽ വെയ്ക്കാം അടക്കാമരമായാലോ

3. അടുത്ത് നട്ടാൽ അഴക്ക് ,അകലെത്തിനട്ടാൽ  വിളവ്

4. അരിയാൻ  വിതച്ചാ  നവര കൊയ്യാമോ

5. അരിയെറിഞ്ഞാൽ ആയിരം കാക്ക

6. പെണ്ണ്  ചതിച്ചാലും മണ്ണ് ചതിക്കില്ല

7. ഉഴവിൽ തന്നെ കള തീർക്കണം

8. എള്ളിന്  ഉഴവ് ഏഴരച്ചാൽ

9. ഉരിയരിക്കാരന് എന്നും ഉരിയരിതന്നെ

10. എളിയവരും ഏത്തവാഴയും ചവിട്ടി ഞാറുതഴയ്ക്കും

**അനന്തകൃഷ്ണൻ**
***9A2***

# കൃഷി പഴഞ്ചൊല്ല്

*ആളേറെ പോകുന്നതിനേക്കാൾ താനേറെ പോകുന്നതാ നല്ലത്

*ഇരുന്നുണ്ടവൻ രുചിയറിയില്ല

*ഉച്ചാറുച്ചയ്ക്ക് വെള്ളരിനട്ടാൽ വിഷുവുച്ചയ്ക്ക് കായ പറിയ്ക്കാം

*ഉരിനെല്ല് ഊരാൻ പോയിട്ട് പത്തുപറ നെല്ലും പന്നി തിന്നു

*കരിമ്പിനുകമ്പുദോഷം

*കർക്കിടക മാസത്തിൽ പത്തുണക്കം

*കാലിയ്ക്കു കൊടുക്കുന്നത് വേലിക്കു കൊടുക്കണം

*നല്ലമാടെങ്കിൽ തന്നൂരിൽ തന്നെ വിലപോകും

ആദിത്യൻ

*9A*

# ശാസ്ത്രക്വിസ്



1 മനുഷ്യ ശരീരത്തിലെ ആകെ അസ്ഥികൾ?

- 206

2 മെഴുകിൽ പൊതിഞ്ഞ് സൂക്ഷിക്കുന്ന ലോഹം ഏതാണ് ?

-ലിഥിയം

3 ശക്തിയുള്ള കാന്തം നിർമ്മിക്കാൻ ഉപയോഗിക്കുന്ന ലോഹസങ്കരം ഏതാണ് ?

-അൽനിക്കോ

4 ദേശീയ ശാസ്ത്ര ദിനം ?

-ഫെബ്രുവരി 28

5 ഔഷധ സസ്യത്തിന്റെ മാതാവ് എന്ന് അറിയപ്പെടുന്ന ചെടി ഏതാണ് ?

-തുളസി

6 കാൻസർ ചികിത്സക്ക് ഉപയോഗിക്കുന്ന ഐസോടോപ് ഏതാണ് ?

-കോബാൾട്ട് 60

7 കപ്പൽ ജലത്തിൽ പൊങ്ങികിടക്കാൻ കാരണമായ ബലം ഏത് ?

-പ്ലവക്ഷമബലം

8 ശബ്ദതീവ്രത നിർണയിക്കുന്നതിനുള്ള യൂണിറ്റ് ഏതാണ് ?

-ഡെസിബെൽ

9 വൈറ്റ് പ്ളേഗ് എന്നറിയപ്പെടുന്ന രോഗം ഏതാണ് ?

-ക്ഷയം

10 ഏതു ലോഹലവണങ്ങളുടെ സാന്നിധ്യമാണ് ജലത്തിന്റെ കാഠിന്യത്തിന് കാരണമാകുന്നത്

-കാൽസ്യം , മഗ്നീഷ്യം

സംവാദക

അനന്തകൃഷ്ണൻ.ബി


*9 A*

# പസിൽ

## മരത്തിന്റെ ഉയരം

? : ഒരു കുളത്തിന്റെ അക്കരെയും ഇക്കരെയും രണ്ട് മരങ്ങൾ ലംബമായി നിൽപ്പുണ്ട് . ജലവിതാനത്തിൽ നിന്നും യഥാക്രമം 20 മീറ്ററും 15 മീറ്ററും ഉയരത്തിലാണ് രണ്ട് മരങ്ങളും . രണ്ടു മരങ്ങളുടെയും മുകളിൽ ഓരോ പൊന്മാൻ വീതം ഇരിപ്പുണ്ട് .പെട്ടെന്ന് കുളത്തിന്റെ ജലപ്പരപ്പിൽ ഒരു മീൻ പൊങ്ങി വന്നു . രണ്ടു പൊന്മാനുകളും ഒരേ സമയത്താണ് മീനിന്റെ അടുത്തെത്തിയത് . അങ്ങനെയാണെങ്കിൽ ഉയരം കൂടിയ മരത്തിൽ നിന്നും മീനിന്റെ അടുത്തേക്കുള്ള ദൂരം എത്ര ?. രണ്ടു മരങ്ങളും തമ്മിലുള്ള അകലം 25 മീറ്ററാണ് .

ഉത്തരം :




2 പൊന്മാനുകളും ഒരേ സമയത്താണ് മീനിന്റെ അടുത്തെത്തുന്നത്

ആയതിനാൽ ,

PA=QA

AC=x

AB=25-x

$PA^2= QA^2$ (PA=QA)

$PB^2+AB^2=AP^2$

$CQ^2+AC^2=AQ^2$

$PB^2+AB^2=CQ^2+AC^2$

$15^2+(25-x)^2=20^2+x^2$

$225+625-50x=400+x^2$

850-50x =400

50x =850-400

50x =450

x =450/50

=9

**: അതുകൊണ്ട് ഉയരം കൂടിയ മരത്തിൽ നിന്നും മീനിന്റെ അടുത്തേക്കുള്ള ദൂരം 9 മീറ്റർ.**

നീരജ

**VIII A3**


അതാണ് കാരണം !
വിരേന്ദ്രരാജാവിന്റെ വിദൂഷകനായിരുന്നു രാമയ്യർ.
രാമയ്യാ താങ്കളുടെ ബുദ്ധി അപാരം തന്നെ
നന്ദി മഹാരാജൻ
സദസ്സിലുള്ള മറ്റുള്ളവർക്ക് രാമയ്യയോട് അസൂയയായിരുന്നു
ഹും.. വലിയൊരു ബുദ്ധിമാൻ
ഒരു അവസരം കിട്ടട്ടെ..... പണി പറ്റിക്കാം
ഒരു ദിവസം
നമ്മുടെ വിദൂഷകൻ കേമൻ തന്നെ
രാമയ്യാ. താങ്കളുടെ ഭാര്യാസഹോദരിയുടെ കല്യാണം ആയിരുന്നില്ലേ?
ഉവ്വ് മഹാരാജൻ
എന്തൊക്കെ ആയിരുന്നു വിഭവങ്ങൾ?
അപ്പം, ബിരിയാണി, പാൽപ്പായസം പിന്നെ....
പിറ്റേ ദിവസം സഭ കൂടിയപ്പോൾ
ആ.... രാമയ്യർ പിന്നെ എന്തൊക്കെ ആയിരുന്നു വിഭവങ്ങൾ.
പിന്നെ കറിയും ഉണ്ടായിരുന്നു.
ബലേഭേഷ്, തന്റെ ഓർമ്മക്ക് കൊള്ളാം. ഈ വൈരമാല താങ്കൾക്ക്
കറിയെന്ന് കേട്ടപ്പോഴേ സമ്മാനം കൊടുത്തു.
ഹാ..! നോക്ക്.
പിറ്റേന്ന്
ഈ കറി രാജാവിന് ഇഷ്ടപ്പെടും
ഛീ തൊലഞ്ഞുപോകിൻ നമ്മുടെ മുമ്പിൽ നിന്ന്.
ചേട്ടാ അത്..
ഇന്നലെ 'കറി' എന്ന് കേട്ടപ്പോഴേ രാമയ്യക്ക് വൈരമാല കൊടുത്തില്ലേ അതാ ഞങ്ങൾ...
കാരണം അറിയാതെ
Arjun.P
VIII.A

# നന്ദി



ഈ ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഞങ്ങളോട് സഹകരിച്ച എല്ലാവർക്കും നന്ദി .

എഡിറ്റർ

അമ്പാടി. എസ്. രമൺ

